കേരള കാർഷികസർവകലാശാല

**കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജ്, വെള്ളാനിക്കര**
**കെ.എ.യു. മെയിൻ ക്യാമ്പസ്, തൃശ്ശൂർ - 680 656.**

**ഇ-മെയിൽ:** dean.ccces@kau.in, ccces@kau.in, **ഫോൺ:** 0487-2438692

---

നം. സി.സി.സി.ഇ.എസ്/188/2025-A2 തീയതി. വെള്ളാനിക്കര, 08-07-2025

---

## ക്വട്ടേഷൻ നോട്ടീസ്

കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജ് ഡീനിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ കാർ ലഭ്യമാക്കാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിയ്ക്കുന്നു.

### നിബന്ധനകൾ

1. കാർ ടാക്സി രജിസ്ട്രേഷൻ ഉള്ളതായിരിക്കണം.
2. 10 വർഷത്തിൽ അധികം പഴക്കമില്ലാത്ത് വാഹനം ആയിരിക്കണം.
3. മിനിമം ചാർജ്ജിൽ എത്ര കിലോമീറ്റർ ഓടുമെന്ന വിവരവും, തുടർന്നുള്ള ഒരു കിലോമീറ്ററിന് വരുന്ന നിരക്ക് ക്വട്ടേൽനിൽ കാണിക്കേണ്ടതാണ്.
4. ഒരോ ഇനം വാഹനത്തിനും ഉള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
5. എ.സി. വാഹനങ്ങളുടെ (പാസഞ്ചർ കാറുകൾ) നിരക്കുകൾ പ്രത്യേകം കാണിക്കേണ്ടതാണ്.
6. വാഹനം ഓടുന്നതിന് വേണ്ടി വരുന്ന ഒരു ദിവസത്തെ മിനിമം നിരക്ക് രേഖപ്പെടുത്തേണ്ടതാണ്.
7. ഏത് വാഹനമാണ് ഉപയോഗിക്കുവാൻ നൽകുന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
8. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ലൈസൻസിന്റെ പകർപ്പ്, വാഹനത്തിന്റെ ആർ. സി. ബുക്കിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.

### വ്യവസ്ഥകൾ

1. ട്രിപ്പിനിടയിൽ അംഗീകൃത ടോൾ കൊടുക്കേണ്ടി വരുന്ന പക്ഷം അത് കരാറുകാരൻ തന്നെ നൽകേണ്ടതാണ്. ആയതിന്റെ രസീതി വൌച്ചർ/ഇൻവോയ്സിനോടൊപ്പം സമർപ്പിക്കുന്ന പക്ഷം പ്രസ്തുത തുക വാടകയോടൊപ്പം നൽകുന്നതായിരിക്കും.
2. മാസത്തിൽ ഒരിക്കൽ വൌച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിയ്ക്കുന്നതല്ല.
3. വാഹനം ആവശ്യപ്പെടുന്ന ദിവസം ഹ്രസ്വദൂരയാത്രെന്നോ, ദീർഘദൂരയാത്രയെന്നോ വ്യത്യസമില്ലാതെ കൃത്യസമയത്തിനു തന്നെ നിർദ്ദിഷ്ട സ്ഥലത്ത് കൊണ്ടുവരേണ്ടതാണ്.
4. ഈ സ്റ്റേഷനിലെ ഒദ്യോഗിക കാര്യങ്ങൾക്കായി വാഹനം ഓടുമ്പോൾ പ്രസ്തുത ജോലി

ഏറ്റെടുക്കുന്ന ആൾക്കോ, വാഹനത്തിനോ ജോലിക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കോ, അറ്റകുറ്റപണികൾക്കോ മറ്റു തകരാറുകൾക്കോ കേരളകർഷക സർവ്വകലാശാലയ്ക്ക് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

5. ഡ്രൈവറിന് ടി.എ., ഡി.എ., മറ്റു ബത്തകളോ യൂണിവേഴ്സിറ്റിയുടെ മറ്റ് ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല.
6. വാഹനങ്ങൾക്ക് സാധുതയുള്ള കേരള രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ് മുതലായവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

ക്വട്ടേഷന്റെ കവറിനു പുറത്ത് "വാഹനം വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി ഡീൻ, കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജ്, വെള്ളാനിക്കര, തൃശ്ശൂർ - **680 656** എന്ന വിലാസത്തിൽ **14/07/2025-ന്** ഉച്ചയ്ക്ക **3.00** മണിയ്ക്ക് മുൻപായി എത്തിക്കേണ്ടതാണ്. ക്വട്ടേഷൻ തുറക്കുന്ന സമയം അന്നേ ദിവസം **3.30** മണിക്ക് ഡീൻ ന്റെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ അംഗീകരിയ്ക്കുന്നതാണ്. ക്വട്ടേഷൻ സ്വീകരിയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പരമാധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി സമയത്ത് കേന്ദ്രത്തിൽ നേരിട്ടോ **0487 2438692** എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Dr. P O NAMEER**

**DEAN CCCES**

പകർപ്പ് : കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റ്/സെക്ഷൻ ഓഫീസർ/ഫയൽ/സ്റ്റോക്ക്

ഉത്തരവിൻ പ്രകാരം

Signed by

Pradeesh K R

Date: 08-07-2025 11:34:00

സെക്ഷൻ ഓഫീസർ